**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2507** **12-10-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത പാറഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനധികൃത പാറഖനനം വ്യാപകമാകുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ എന്തെല്ലാം പരിഹാരനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്ത് 586 പാറ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. പാറഖനനം മുഖേന ഉണ്ടാകുന്ന ശബ്ദമലിനീകരണവും പൊടി കാരണം ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണവും നിയന്ത്രിക്കുന്നതിലേക്കായുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നു. അനധികൃതമായ ഖനനം നടത്തുന്നതിൽ നിന്നും Environment compensation ഈടാക്കുന്നുണ്ട്. അനധികൃത പാറഖനനം വ്യാപകമാകുന്നത് തടയാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ മൂന്ന് മിനറൽ സ്ക്വാഡുകളും ജില്ലാ ആഫീസുകളും നിരന്തര പരിശോധന നടത്തുകയും അനധികൃത ഖനനം കണ്ടെത്തിയാൽ ചട്ടപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | ഇത്തരത്തിലുള്ള ഖനനംമൂലം പരിസരവാസികൾക്ക് അപകടങ്ങൾ സംഭവിക്കുന്നത് തടയുന്നതിനും അപകടത്തിൽപ്പെട്ടവർക്ക് വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ക്വാറികളിൽ അപകടങ്ങൾ തടയുന്നതിന് മൈനിംഗ് പ്ലാൻ അനുസരിച്ച ശാസ്ത്രീയമായി ഖനനം നടത്തുന്നതിനും, ക്വാറികൾ ഫെൻസ് ചെയ്യുന്നതിനും 2015 കെ.എം.എം.സി. ചട്ടം റൂൾ 10 -ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഡിസ്ട്രിക് മിനറൽ ഫൗണ്ടേഷൻ ഫണ്ടിൽ നിന്നും ജില്ലാ കളക്ടർക്ക് ഇതിനായി തുക അനുവദിക്കാവുന്നതാണ്. ക്വാറികളിൽ എന്തെങ്കിലും അപകടം സംഭവിച്ചാൽ, ക്വാറി ഉടമ തന്നെ ജില്ലാ കളക്ടറെയും, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി, ബംഗളൂരുവിനേയും അറിയിക്കേണ്ടതും, ടി അതോറിറ്റികൾ നിശ്ചയിക്കുന്ന നഷ്ടപരിഹാരം ക്വാറി ഉടമ നൽകേണ്ടതുമാണെന്നും 2015 ലെ കെ.എം.എം.സി. ചട്ടം റൂൾ 10 ലും 17 ലും വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | സർക്കാരിന് ലഭിക്കേണ്ട റോയൽറ്റി തുക കൃത്യമായി ഈടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | റോയൽറ്റി മുൻകൂറായി ഒടുക്കിയാൽ മാത്രമേ മൂവ്മെന്റ് പെർമിറ്റും പാസ്സുകളും അനുവദിക്കാറുള്ളൂ. |

സെക്ഷൻ ഓഫീസർ